## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 602 19.3.2013 ലെ മറുപടിക്ക്

കോമൺഗേറ്റ്‌വേ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | നികുതി അടയ്ക്കുവാൻ കോമൺ ഗേറ്റ്‌വേ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സർക്കാരിലേക്കുള്ള എല്ലാ റവന്യൂ വരുമാനങ്ങളും ഇ-പെയ്മെന്റ് മുഖേന ഒടുക്കുവാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | സർക്കാരിലേക്കുള്ള റവന്യൂ വരുമാനം ലോകത്തെവിടെനിന്നും ഏതു സമയത്തും ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ മുഖേന സംസ്ഥാന ഖജനാവിലേക്ക് അടയ്ക്കുവാൻ കഴിയും. |
| (സി) | വ്യാപാരികൾ അടയ്ക്കേണ്ട നികുതി ഏത് ബാങ്കിൽ നിന്നും അടയ്ക്കാൻ കഴിയുന്ന തരത്തിലുള്ള എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി സർക്കാർ നിശ്ചയിക്കുന്ന മുറയ്ക്ക് ഏത് ബാങ്ക് അക്കൗണ്ടിൽ നിന്നും പ്രസ്തുത സംവിധാനത്തിൽ കൂടി നികുതി ഒടുക്കാവുന്നതാണ്. |
| (ഡി) | ഈ സംവിധാനം ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ ? | (ഡി) | ട്രഷറി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നിർമ്മാണം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററും ബാങ്ക് അക്കൗണ്ടുകളുടെ ഏകോപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവ മുഖേനയുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ